LIBRARY ARCHIVES Kerala Legislative Assembly

കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് കോളേജ്

101 (1137) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ മെക്കാനിക്കൽ, സിവിൽ, ഇലക്ട്രിക്കൽ ബ്രാഞ്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) മെക്കാനിക്കൽ ഡിപ്ലോമ കോഴ്സ് അടുത്ത അദ്ധ്യയന വർഷം തന്നെ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ഒരു കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ച കൊരട്ടി ഗവ. പോളിടെക്നിക് കോളേജിലെ വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം മാത്രമേ ഈ വിഷയത്തിൽ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

(സി) നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കുകയില്ല. കുടുംബശ്രീ യൂണിറ്റിന്റെയും എക്സ് സർവ്വീസ്മെൻ സംഘടനകളുടെയും സേവനം ലഭ്യമാക്കി ഹോസ്റ്റൽ പ്രവർത്തിപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ - അദ്ധ്യാപകരുടെ യോഗ്യത

102 (1138) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അംഗീകാരം നൽകി പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര അദ്ധ്യാപകർ പ്രവർത്തിക്കുന്നുണ്ട് ; ഇതര ജീവനക്കാർ എത്ര ;

(ബി) എ.ഐ.സി.റ്റി.ഇ. നോംസ് പ്രകാരമുള്ള യോഗ്യതയുള്ളവരാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(സി) മൊത്തം അദ്ധ്യാപകരിൽ എ.ഐ.സി.റ്റി.ഇ. നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ഉള്ളവർ എത്ര ; അല്ലാത്തവർ എത്ര ;

(ഡി) ഇത്തരം അദ്ധ്യാപകരുടെ സേവന വ്യവസ്ഥകൾ മാനേജ്മെന്റുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ; യോഗ്യതയും സേവനവും സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ?

ഉത്തരം

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നത് ബന്ധപ്പെട്ട കോളേജ് മാനേജ്മെന്റുകളാണ്. ആയതിനാൽ ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ സർക്കാരിൽ ലഭ്യമല്ല.

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എം.ടെക് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുവാൻ കോളേജ് മാനേജ്മെന്റുകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എ.ഐ.സി.റ്റി.ഇ. യോഗ്യതയുള്ളവരെ മുൻഗണനാക്രമത്തിൽ നിയമിക്കുന്നതിന് സർവ്വകലാശാലാതലത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കൊച്ചിൻ സർവ്വകലാശാല നേരിട്ട് നടത്തുന്ന മൂന്ന് എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ നിയമാനുസൃത യോഗ്യതയുള്ളവരാണ്. സർവ്വകലാശാലകളിൽ ഇതുസംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) അൺ-എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ G.O.(Ms.) No.552/2014/H.Edn. dated 19-7-2014, G.O.(Ms.) No. 19/2015/H.Edn. Dated 24-1-2015 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly